HON'BLE Mr. V. O. MARKOS : (*a*) Yes.

(*b*) There is a difference (excess) of Rs. 4-2-10 in respect of issues to ration card holders and Rs. 14-2-10 in respect of issues to Devaswoms, institutions etc.

(*c*) Foodgrains are transported from Cochin to Alleppey by backwater and also by the sea route. The average transport charges work up to Rs. 1-6-0 per bag.

(*d*) No.

MR. EAPEN ARAKKAL : എന്തുകൊണ്ടാണ് ഇത്രയും വലിയ വില വ്യത്യാസം കൊച്ചിയ്ക്കും തിരുവിതാംക്കൂറിനും തമ്മിൽ അരിവിലയിൽ ഉണ്ടായിരിക്കുന്നത്?

HON'BLE MR. V. O. MARKOS : രണ്ടു രാജ്യത്തും നെല്ലിടുക്കുന്നതിനെ സംബന്ധിച്ചും വിൽക്കുന്നതിനെ സംബന്ധിച്ചും നടപ്പിലിരിക്കുന്ന നയത്തിന്റെ വ്യത്യാസംകൊണ്ടാണ്.

MR. EAPEN ARAKKAL : കൊച്ചിയിലുള്ള ആ നയം ഇവിടെയും സ്വീകരിക്കുന്നപക്ഷം ഇപ്പോഴത്തേതിൽ വില കുറച്ചുവിൽക്കാൻ സാധിക്കുകയില്ലേ?

HON'BLE MR. V. O. MARKOS : കൊച്ചിയിലെ നയം നാം ഇവിടെ തുടരണമെങ്കിൽ ഇപ്പോൾ നെല്ലിടുക്കുന്നതിന് ഇവിടെ കൊടുക്കുന്ന രണ്ടുരൂപാ എട്ടണ എന്നുള്ളതു് ഒരു രൂപ എട്ടണയായി കുറയ്ക്കേണ്ടിവരും. അതു് സാദ്ധ്യമല്ല. അങ്ങനെ ചെയ്യുന്നപക്ഷം വലിയ ഒരു നഷ്ടം ഗവണ്മെന്റിന് ഉണ്ടാകുന്നതാണ്.

MR. EAPEN ARAKKAL : കൊച്ചിയിൽ നെല്ലുകുത്തി അരി ആക്കി കൊടുക്കുന്നതിൽനിന്നുള്ള ആദായം കൊണ്ടല്ലേ അരി വില കുറച്ചുകൊടുക്കുന്നത്?

HON'BLE MR. V. O. MARKOS : അതുകൊണ്ടു മാത്രമല്ല; അതുകൊണ്ട് ഒരു ചെറിയ വിഭാഗം ലാഭം ലഭിക്കുന്നുണ്ട്. അതേപ്പറ്റി തിരുവിതാംക്കൂർ ഗവണ്മെൻറു് ആലോചിക്കുന്നതാണ്. തിരുവിതാംക്കൂറിൽ റൈസ് മില്ലുകൾ സ്ഥാപിച്ചു് നെല്ലു കുത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിന് കൂടുതൽ പ്രയാസം ഉണ്ട്.

മുകക്ഷി സമ്മേളന തീരുമാനങ്ങൾ.

* 87. MR. WILSON PETER (*Shertalai III—Latin Catholic*):

താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ലേബർ മന്ത്രി സഭയെ മറുപടി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

[Mr. Wilson Peter]

തൊഴിൽകഴുപ്പങ്ങളെ പരാമർശിച്ചു നടത്തിയിട്ടുള്ള ത്രികക്ഷിസമ്മേളന തീരുമാനങ്ങൾ പല മുതലാളികളും ലംഘിച്ചുവരുന്നതു് ബഹു മാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

HON'BLE MR. N. KUNJURAMAN : ത്രികക്ഷിസമ്മേളനത്തിലെ തീരു മാനങ്ങൾ പൊതുവേ മുതലാളിമാർ നടപ്പിൽ വരുത്തുന്നുണ്ടു്. ചില സന്ദർഭങ്ങളിൽ അങ്ങനെയുള്ള തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിൽ കാലതാമസം നേരിടുന്നുണ്ടു്. ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുന്നിട ത്തോളം ലേബർ ഡിപ്പാർട്ടുമെൻറു് ഇടപെട്ടു അങ്ങനെയുള്ള കേസുക ളിലും പ്രസ്തുത തീരുമാനങ്ങൾ നടപ്പിൽവരുത്തുന്നു.

ക്രിസ്ത്യാട്ടുകളും പോലീസിന്റെ അപമര്യാദ.

*88. MR. WILSON PETER : താഴെ കാണുന്ന ചോദ്യത്തിനു ബഹു മാനപ്പെട്ട പോലീസുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

ക്രിസ്ത്യാട്ടുകളുടെ ക്യാമ്പുചെയ്യുവരുന്ന പോലീസുകാർ യാത്രാമദ്ധ്യ ത്തിൽ അവിടെ ഇറങ്ങുവാനിടയായ ഒരു സ്ത്രീയെ അപമാനിച്ചതായി വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : No.

MR. WILSON PETER : അവിടെനിന്നു് ഒരു കമ്പിസന്ദേശം മന്ത്രിക്കു ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : കമ്പിസന്ദേശം ലഭിച്ചിട്ടു ള്ളതായി ഓർമ്മിക്കുന്നില്ല.

വി. എം. സ്കൂളുകളിലെ ഇംഗ്ലീഷ് അദ്ധ്യാപകന്മാർ.

*89. MR. SANKARAN NADAR (*Neyyattinkara I—Hindu Nadar*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ ?

(എ) നെയ്യാറിൻകര താലൂക്കിൽ എത്ര ഗവണ്മെൻറു വി എം. സ്കൂൾ ഉണ്ടെന്നും, അതിൽ എത്ര സ്കൂളിൽ ഈ വർഷാരംഭം മുതൽ നാളിതുവരെ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനു അദ്ധ്യാപകന്മാരി ല്ലെന്നും പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly